# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4688 14.11.2019 ൽ മറുപടിക്ക്

**റോഡുകൾ പുനർനിർമ്മിക്കുന്നതിന്റെ ചെലവ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി.സതീശൻ | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| 2019 ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ നശിച്ച റോഡുകളുടെ പുനർനിർമ്മാണത്തിന് വകയിരുത്തിയ തുകയും അതിൽ ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന വെളിപ്പെടുത്തുമോ? | 2019 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ നശിച്ച റോഡുകളുടെ പുനർ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിനു കീഴിൽ നോൺപ്ലാൻ ഫണ്ടിൽ നിന്നും 305 കോടി രൂപയുടെ പ്രവൃത്തികൾക്കും പ്ലാൻ ഫണ്ടിൽ നിന്നും 436.67 കോടി രൂപയുടെ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.<br>ദേശീയപാതാ വിഭാഗത്തിൽ 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 5 കോടി രൂപ ഫ്ളഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹു. മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. ഇത് കൂടാതെ 457 കോടി രൂപയുടെ പട്ടിക ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.<br>കെ.എസ്.ടി.പി റോഡുകളുടെ പുനർ നിർമ്മാണത്തിന് 35.78 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 2.63 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ